കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

പത്രക്കുറിപ്പ്

2023-24 വർഷത്തേക്കുള്ള അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) പ്രവേശനത്തിന്റെ രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, 27.07.2023 ന് വൈകീട്ട് 5 മണിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടച്ചശേഷം അഡ്മിറ്റ് കാർഡുമായി കോളേജുകളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

മാൻഡേറ്ററി ഫീസ്:

1. എസ് സി/ എസ് ടി / ഒ.ഇ.സി/ഒ.ഇ.സി-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 125/- രൂപ
2. മറ്റുള്ളവർ : 510/- രൂപ

ഫീസ് അടച്ചവർ അവരുടെ ലോഗിനിൽ മാൻഡേറ്ററി ഫീ പേയ്മെന്റ് ഡീറ്റെയിൽസ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും അടയ്ക്കേണ്ടതില്ല.

കമ്മ്യൂണിറ്റി, സ്പോർട്ട്സ്, പി.എച്ച്. കോട്ട വിദ്യാർത്ഥികളുടെ പ്രവേശനം 24.07.2023 മുതൽ 27.07.2023 വരെ കോളേജുകൾ നടത്തുന്നതാണ്.

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് രജിസ്റ്റർ ചെയ്യുന്നതിനായി 26.07.2023 മുതൽ 31.07.2023 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

ക്ലാസ്സുകൾ 01.08.2023 ന് ആരംഭിക്കുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
24.07.2023